**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 182** **07-06-2021 - ൽ മറുപടിയ്ക്ക്**

**സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിലേയ്ക്ക് ആവശ്യമായ ഓക്സിജൻ നൽകുന്നതിനായുള്ള സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ പ്രവൃത്തി കെ.എം.എസ്.സി.എൽ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും ഓക്സിജൻ ലഭ്യതയ്ക്കായി സെൻട്രലൈസ്ഡ് ഗ്യാസ് സിസ്റ്റം സ്ഥാപിക്കുന്നതിനും വാർഷിക പദ്ധതിയിൽ "സ്റ്റെങ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ" എന്ന പദ്ധതിയിൽപ്പെടുത്തി അനുമതി നൽകിയിരുന്നു. അതിൻ പ്രകാരം ആവശ്യമായ എല്ലാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന വാങ്ങി നൽകുകയും ഓക്സിജൻ പ്ലാന്റിനാവശ്യമായ ഓക്സിജൻ മാനി ഫോൾഡ് റൂം ഉപകരണങ്ങൾ കൂടാതെ ട്രോമാകെയർ റൂമിൽ ഓക്സിജൻ വിതരണത്തിന് ആവശ്യമായ പൈപ്പ് ലൈൻ വർക്ക് എന്നിവയ്ക്കായി ലഭ്യമാക്കിയ തുകയിൽ 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ കെ.എം.എസ്.സി എൽന് നൽകയും ചെയ്തിരുന്നു. എന്നാൽ ഓക്സിജൻ ജനറേഷൻ റൂമും ട്രോമാകെയർ റൂമും തമ്മിൽ ബന്ധിപ്പിക്കുന്നതിനാവശ്യമായ പൈപ്പ് ലൈനും, മാനിഫോൾഡ് റൂമിൽ ആവശ്യമുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ പണം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വർക്ക് നടത്തുവാൻ സാധിച്ചിരുന്നില്ല. ആയത് സംബന്ധിച്ച വർക്കിന്റെ എസ്റ്റിമേറ്റ് വിതരണക്കാരൻ വഴി എടുത്ത് പണം ലഭ്യമാക്കുന്നതിനുള്ള ഇൻവോയ്സ് 22.01.2021 ന് നൽകിയിരുന്നു. ട്രോമാകെയർ സെന്ററിലേയ്ക്കുള്ള പൈപ്പ് ലൈൻ, റോഡ് ക്രോസ്ചെയ്ത് കൊണ്ട് സ്ഥാപിക്കുവാൻ ആവശ്യമായ അനുമതി ഉത്തരവ് 28.04.2021 നാണ് ലഭ്യമായത്. മെഡിക്കൽ ഓക്സിജൻ പ്ലാന്റ് വിതരണക്കാരുമായുള്ള റണ്ണിംഗ് കോൺട്രാക്ട് കഴിഞ്ഞതിനാൽ പുതിയ ദർഘാസ് ക്ഷണിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സാഹചര്യത്തിലാണ് സെൻട്രലൈസ്ഡ് ഓക്സിജൻ |

| | | | |
|---|---|---|---|
| | | | യൂണിറ്റിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ താമസമുണ്ടായത്. |
| (ബി) | ഓക്സിജൻ പ്ലാന്റിന്റെ പ്രവൃത്തികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ? | (ബി) | സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റിന്റെ അവസാന നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. . |

സെക്ഷൻ ഓഫീസർ